# ഇടയലേഖനം

പോൾ ആലപ്പാട്ട്

No. 224/2023 PL-3
21-11-2023

**ദൈവകൃപയാലും സഭാനേതൃത്വത്തിന്റെ അനുഗ്രഹത്താലും**
**രാമനാഥപുരം രൂപതാ മെത്രാൻ**
**തന്റെ സഹപ്രവർത്തകരായ വൈദികർക്കും സന്യസ്തർക്കും**
**തന്റെ സൂക്ഷത്തിന് ഭരമേല്പ്പിക്കപ്പെട്ടിട്ടുള്ള**
**ദൈവജനം മുഴുവനും വേണ്ടി എഴുതുന്നത്.**

## ക്രിസ്തുമസ്സ് ആഘോഷവും "സുവിശേഷവല്ക്കരണം-2035" ("Evangelization-2035") ന്റെ ഉദ്ഘാടനവും

ഈശോമിശിഹായ്ക്ക് സ്തുതി!

പ്രിയപ്പെട്ടവരേ,

**A. ക്രിസ്തുമസ്സ്:** വളരെ ഒരുക്കത്തോടുകൂടി നാം സംഘടിപ്പിച്ച രൂപതാ ബൈബിൾ കൺവൻഷനുശേഷം, ക്രിസ്തുമസ്സിനുള്ള അടുത്ത ഒരുക്കത്തിനായി ഡിസംബർ 1 ന് നാം മംഗളവാർത്താകാലത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. 4 ആഴ്ചകളോളം ദീർഘിക്കുന്ന ഇക്കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു ദൈവത്തിന്റെ തിരുവചനം മനുഷ്യരൂപം സ്വീകരിച്ച് മാനവരക്ഷയ്ക്കായി വിണ്ണിൽ നിന്ന് മണ്ണിലേയ്ക്ക് വന്നിറങ്ങി വസിച്ചതിന്റെ, ഓർമ്മയായ ക്രിസ്തുമസ്സ് ആണെന്ന് നമുക്കറിയാമല്ലോ. "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കത്തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ. 3:16). രക്ഷകനുവേണ്ടി നൂറ്റാണ്ടുകളായി കാത്തിരുന്ന മനുഷ്യവർഗ്ഗത്തിന് പിതാവായ ദൈവത്തിന് കൊടുക്കാൻ പറ്റുമായിരുന്ന ഏറ്റവും വിലപ്പെട്ട സമ്മാനമായിരുന്നു മനുഷ്യരൂപം സ്വീകരിച്ച് നമ്മുടെ ഇടയിൽ വസിച്ച "ഇമ്മാനുവേൽ".

നമ്മുടെ മദ്ധ്യത്തിലേയ്ക്ക് കടന്നുവന്ന, നമ്മുടെ കൂടെ ഇരുന്ന, നമ്മെ സ്വർഗ്ഗരാജ്യ രഹസ്യങ്ങൾ പഠിപ്പിച്ച, സ്വമാതൃകയിലൂടെ പിതാവായ

ദൈവത്തിലേയ്ക്ക് നോക്കാനും പിതാവിനെ കേൾക്കാനും പഠിപ്പിച്ച, അവസാനം മനുഷ്യവർഗ്ഗം മുഴുവനും വേണ്ടി ബലിയായിതീർന്ന, നമ്മെ കേൾക്കാനും കാണാനും ആശീർവ്വദിക്കാനും സമാശ്വസിപ്പി ക്കാനുമായി സദാ ദൈവാലയങ്ങളിൽ കാത്തിരിക്കുന്ന ഇമ്മാനുവേ ലിന്റെ ജന്മദിനം എത്രയോ അനുഗ്രഹീതവും ശക്തിദായകവുമാണ്.

ഈശോ തന്റെ ജന്മദിന സമ്മാനങ്ങളുമായി നമ്മിൽ നിന്ന് പ്രതീക്ഷി യ്ക്കുന്നത് പണം കൊടുത്തു വാങ്ങുന്ന ഉടുപ്പുകളോ, കളി ഉപകരണ ങ്ങളോ, സുഭിക്ഷമായ ഭക്ഷണമോ മധുരപലഹാരങ്ങളോ അല്ല, (അവ യൊന്നും കാര്യമായി ഇല്ലാത്ത പാവങ്ങൾക്ക് ക്രിസ്തുമസ്സ് സമ്മാനങ്ങ ളായി അവ വാങ്ങിച്ചുകൊടുക്കുന്നത് നല്ലകാര്യം), മറിച്ച്, ഈശോ യെയും അവിടുത്തെ ജീവിതമൂല്യങ്ങളേയും ഉള്ളുകൊണ്ട് സ്വീകരി ക്കുന്ന നമ്മുടെ ജീവിതങ്ങളാണ്. വി. പൗലോസ് നമ്മെ ആഹ്വാനം ചെയ്യുന്നതുപോലെ, ക്രിസ്തുവിൽ "ഒരു പുതിയ സൃഷ്ടിയാകുക എന്നതാണ് പരമപ്രധാനം" (ഗലാ. 6:15).

ഡിസംബർ 1 ന് ആരംഭിക്കുന്ന മംഗളവാർത്താകാലത്തിലൂടെ നാം ഓരോരുത്തരുടെയും ജീവിതത്തിൽ "പുതിയ സൃഷ്ടിയാകൽ" പ്രക്രിയ പൂർത്തിയാകണം. അറിവും ബോദ്ധ്യവും വിശ്വാസനുഭവവു മുള്ള പുതിയ സൃഷ്ടി. അറിവാണ് യഥാർത്ഥ ബോദ്ധ്യത്തിലേയ്ക്കും വിശ്വാസനുഭവത്തിലേയ്ക്കുമുള്ള ആദ്യപടി. മനുഷ്യരൂപം സ്വീകരിച്ച തിരുവചനം പ്രത്യേക ധ്യാനവിഷയമാക്കപ്പെടുന്ന മംഗളവാർത്താ കാലം വി. ഗ്രന്ഥം വായിക്കാനും പ്രാർത്ഥനാപൂർവ്വം ധ്യാനിയ്ക്കാനും ഉത്തമ ക്രൈസ്തവജീവിതം നയിക്കാനുമുള്ള ബോദ്ധ്യങ്ങൾ സ്വീകരി ക്കാനും അവസരമാകണം. ഡിസംബർ മാസം "ബൈബിൾ പാരായണ മാസ"മായി ആചരിക്കാനുള്ള സഭയുടെ ആഹ്വാനം സ്വീകരിച്ച്, എല്ലാ കുടുംബങ്ങളിലും ഓരോ ദിവസവും കുടുംബമായും, വ്യക്തിപര മായും തിരുവചനത്തിലെ ഒരദ്ധ്യായമെങ്കിലും, അടങ്ങിയൊതുങ്ങിയി രുന്ന് പ്രാർത്ഥനാപൂർവ്വം വായിച്ച് ഹൃദിസ്ഥമാക്കുമെന്ന് നമുക്ക് പ്രതി ജ്ഞയെടുക്കാം. ഈ തീരുമാനവും ബൈബിൾ പാരായണവും തുടർന്ന് എല്ലാ ദിവസങ്ങളിലും, തുടരുന്ന പതിവും സംസ്ക്കാരവു മായി പരിണമിയ്ക്കട്ടെ. സമാധാനത്തോടും സ്വസ്ഥതയോടും കൂടി "ദൈവമേ" എന്ന ചിന്തയോടെ ജീവിക്കാൻ ഈ ശീലവും പതിവും നമ്മെ സഹായിക്കും.

അതുപോലെ, അനുദിനമുള്ള വി. കുർബാനയിലെ പങ്കാളിത്തം, വി. കുമ്പസാരത്തിലൂടെ യോഗ്യതയോടുകൂടിയുള്ള വി. കുർബാന സ്വീക രണം, ദൈവാലയങ്ങളിലും കുടുംബങ്ങളിലും മുടങ്ങാതെയുള്ള ജപ

മാല പ്രാർത്ഥന, സാധിക്കുന്ന രീതിയിലുള്ള നോമ്പ്, ഉപവാസം, ദാന ധർമ്മം എന്നീ പരിത്യാഗ പ്രവൃത്തികൾ, കുടുംബങ്ങളിലും കുടുംബ ക്കൂട്ടായ്മകളിലുമുള്ള ഒന്നിപ്പ് മുതലായവ, അർത്ഥവത്തായ രീതിയിൽ ക്രിസ്തുമസ്സിന് ഒരുങ്ങുന്നതിനുള്ള എളുപ്പമാർഗ്ഗങ്ങളാണ് പുൽക്കൂ ട്ടിലെ പൊന്നുണ്ണിക്ക് സുകൃതജീവിതമാകുന്ന സമ്മാനം തയ്യാറാക്കാൻ കുട്ടികൾ ശ്രമിക്കണം. ഇപ്രകാരം അർത്ഥപൂർണ്ണമായ ഒരുക്കവും ക്രിസ്തുമസ്സ് ആഘോഷവും ഞാൻ ഏവർക്കും നേരുന്നു.

**B. "സുവിശേഷവല്ക്കരണം-2035" ("Evangelization-2035"):** നമ്മുടെ രൂപതയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു കാലഘട്ടത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ് 07-01-2024 ഞായറാ ഴ്ച. 2035 ലെ രൂപതയുടെ രജതജൂബിലിയ്ക്ക് ഒരുക്കമായി രൂപതാ സമൂഹത്തെ സുവിശേഷത്തിലധിഷ്ഠിതമായ നവീകരണത്തിലേയ്ക്ക് കൊണ്ടുവരികയാണ് "സുവിശേഷവല്ക്കരണം-2035" (Evangelization - 2035) ന്റെ ലക്ഷ്യം. 2024 ജനുവരി 7 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് രാമനാഥപുരം കത്തീഡ്രൽ ദൈവാലയത്തിൽ അർപ്പിക്കപ്പെടുന്ന വി. കുർബാനയോടെ ഇക്കാലഘട്ടത്തിന് തുടക്കം കുറിയ്ക്കും. രൂപതാ കോർകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം, പ്രാതിനിധ്യ സ്വഭാവമനുസരിച്ച് ബന്ധപ്പെട്ടവർ ഈ കുർബാനയിൽ പങ്കുചേരണം. "സ്നേഹത്താൽ പ്രവർത്തനിരതമാകുന്ന വിശ്വാസത്തിലേയ്ക്ക" (ഗലാ. 5:6) എത്തുന്ന "സുവിശേഷവൽകൃത സമൂഹ"മായി ഇക്കാലഘട്ടത്തിൽ രൂപതാ കുടുംബം രൂപാന്തരപ്പെടണം.

ഈ ലക്ഷ്യപ്രാപ്തിയ്ക്കായി രൂപതാ അസംബ്ലി തീരുമാനങ്ങളുടെയും നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ, കാലഘട്ടത്തിന്റെ ആവശ്യങ്ങളും രൂപതയുടെ പ്രത്യേക പശ്ചാത്തലവും പരിഗണിച്ച് നാം ഒരു പ്രവർത്തന പദ്ധതിയ്ക്ക് രൂപം നല്കുന്നുണ്ട്. സൗകര്യത്തിനുവേണ്ടി ക്രിസ്തീയ ജീവിതത്തിന്റെ വിവിധ മേഖലകളെ പ്രത്യേകമായി ശ്രദ്ധി യ്ക്കാൻ ഓരോ വർഷം മാറ്റിവച്ചിട്ടുണ്ടെങ്കിലും എല്ലാ മേഖലകളും ഒരേ പോലെ എല്ലാ വർഷങ്ങളിലും പ്രവർത്തനസജ്ജമാകണം, സജീ വമാകണം. വിവിധ വകുപ്പുകളിൽനിന്ന് ലഭിച്ചിട്ടുള്ള പ്രവർത്തന പദ്ധ തികൾ ക്രോഡീകരിച്ച് ഉടൻ തന്നെ കോർകമ്മിറ്റി നിങ്ങൾക്ക് അയച്ചു തരും.

ബാഹ്യമായി കുറെ പരിപാടികൾ നടത്തി പരസ്യപ്പെടുത്തുകയല്ല ഇക്കാലഘട്ടത്തിന്റെ ആവശ്യവും ലക്ഷ്യവും. ഈശോമിശിഹായുടെ സുവിശേഷ സംസ്ക്കാരത്തിലേയ്ക്കും ശൈലിയിലേയ്ക്കും രൂപതാ

സമൂഹത്തേയും മറ്റു മതസ്ഥരേയും കൊണ്ടുവരികയാണ് ഈ യജ്ഞത്തിന്റെ ലക്ഷ്യം. അതനുസരിച്ച്, 12 വർഷക്കാലത്തേയ്ക്ക് ഓരോ മേഖലയും പദ്ധതി തയ്യാറാക്കുമ്പോൾ ഈ ദർശനവും ബോദ്ധ്യവും നേതൃത്വം നല്കുന്നവർക്കും അവരോട് സഹകരിക്കുന്നവർക്കുമുണ്ടാകണം. അതുപോലെ, കോർകമ്മിറ്റിയും വിവിധ മേഖലകളിലെ നേതൃത്വങ്ങളും എന്തെല്ലാം തയ്യാറാക്കിയാലും, ബഹു. അച്ചന്മാരും സന്യസ്തരും അല്മായരും ഒറ്റക്കെട്ടായി അവ നടപ്പിലാക്കാൻ സജ്ജരും സന്നദ്ധരുമായില്ലെങ്കിൽ ഒരു 'അത്ഭുതവും' സംഭവിക്കുകയില്ല. അതുകൊണ്ട് ക്രിസ്ത്യാനികളായ നമ്മെ പുനഃസുവിശേഷവല്ക്കരിയ്ക്കാനും ഇതര വിശ്വാസികളെ സുവിശേഷവല്ക്കരിയ്ക്കാനുമുള്ള ഈ നവീകരണയജ്ഞം (2024-'35) എല്ലാതരത്തിലും വിജയകരവും ഫലപ്രദവുമാക്കാൻ രൂപതാ ദൈവജനത്തിന്റെ മുഴുവൻ സഹകരണവും കഠിനദ്ധ്വാനവും ഞാൻ പ്രതീക്ഷിയ്ക്കുന്നു, അഭ്യർത്ഥിക്കുന്നു.

അങ്ങനെ, അർത്ഥപൂർണ്ണമായി ക്രിസ്തുമസ്സ് ആഘോഷിയ്ക്കാനും യഥാർത്ഥ സുവിശേഷവല്ക്കരണത്തിലൂടെ ദിവ്യകാരുണ്യനാഥന്റെ ത്രസിപ്പിയ്ക്കുന്ന സ്നേഹത്തിലേയ്ക്ക് വളരാനും സുവിശേഷവല്ക്കരണത്തിന്റെ രാജ്ഞിയായ പരി. അമ്മയുടെയും തിരുസ്സഭയുടെ പാലകനായ മാർ യൗസേപ്പ് പിതാവിന്റെയും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും വി. അൽഫോൻസാമ്മയുടെയും പ്രചോദനവും മാദ്ധ്യസ്ഥവും നമ്മുടെ കൂടെയുണ്ടാകട്ടെ.

ഏവർക്കും ക്രിസ്തുമസ്സ്-നവവത്സരാശംകൾ!

സ്നേഹപൂർവ്വം ഈശോയിൽ

+ [signature]

**മാർ പോൾ ആലപ്പാട്ട്**

രാമനാഥപുരം രൂപതാ മെത്രാൻ

---

NB: ഈ ഇടയലേഖനം 2023 ഡിസംബർ 3 ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും സന്യാസസമൂഹങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കണം. വി. കുർബാനയില്ലാത്തിടത്ത് മറ്റു സൗകര്യമുള്ള സമയത്ത് വായിക്കണം. +PA